എ4-959/2023

ജനറൽ ആശുപത്രി, അടൂർ
തീയതി. 22.02.2023

## ലേലപരസ്യം

അടൂർ ജനറൽ ആശുപത്രിയിൽ എ5-8028/2022, തീയതി. 13.12.2022 പ്രകാരം ഗർഹണം ചെയ്ത 112 ഇനം സാധനങ്ങൾ നിലവിലെ അവസ്ഥയിൽ 08.03.2022 പകൽ 2 മണിയ്ക്ക് ആശുപത്രിയിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം 1 മണിക്ക് മുമ്പായി 2000/- രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി അന്നേദിവസം ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം മുൻകൂറായി ആഫീസിൽ അടയ്ക്കേണ്ടതും, ഈ ഓഫീസിൽ നിന്നും നല്കുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുകയും നിയമാനുസൃതമായ നികുതിയും മൊത്തമായി ആഫീസിൽ അടച്ച് സ്വന്തം ചിലവിൽ 2 ദിവസത്തിനകം സാധന സാമഗ്രികൾ നീക്കം ചെയ്യേണ്ടതാണ്. ലേലം ചെയ്യുന്ന സാധനങ്ങൾ പരിശോധിക്കുന്നതിനും ലേലം സംബന്ധമായ കൂടുതൽ വിവരത്തിനും പ്രവൃത്തി സമയങ്ങളിൽ ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. രോഗികൾക്കോ, ജീവനക്കാർക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവർത്തിദിവസങ്ങളിൽ (പ്രവൃത്തി സമയം രാവിലെ 10മണി മുതൽ വൈകുന്നേരം 5 മണി വരെ) മാത്രമെ സാധനങ്ങൾ ആശുപത്രിയിൽ നിന്ന് നീക്കം ചെയ്യാവൂ. മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം സ്വീകരിക്കുവാനോ തള്ളിക്കളയാനോ, നീട്ടിവയ്ക്കാനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം റദ്ദുചെയ്യുന്നതും, ടിയാൾ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമാണ്.

GENERAL HOSPITAL, ADOOR, PIN-691523

സൂപ്രണ്ട്

പകർപ്പ്:-

1. നോട്ടീസ് ബോർഡ്
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. ജില്ലാ മെഡിക്കൽ ആഫീസർ, ആരോഗ്യം) പത്തനംതിട്ട
4. പ്രധാന കവലകൾ
5. സെക്രട്ടറി, അടൂർ നഗരസഭ
6. തലൂക്കാഫീസ് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)
7. വില്ലേജാഫീസ് , അടൂർ (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)
8. സെക്രട്ടറി ജില്ലാ പഞ്ചായത്ത് പത്തനംതിട്ട
9. ഫയൽ സ്റ്റോക്ക് ഫയൽ (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)